5. ജീവനക്കാർക്ക് അധികം നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനും നിയമനത്തിന് അർഹമല്ലാത്തവരെ പിരിച്ചു വിടുന്നതിനും ജീവനക്കാർക്ക് നൽകിയിട്ടുള്ള ക്രമരഹിതമായ പ്രൊമോഷൻ പുനഃപരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുക.

6. ഫെഡറേഷന് ഉണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും സഹകരണ നിയമത്തിലെ വകുപ്പനുസരിച്ചോ അല്ലാത്തപക്ഷം സിവിൽ നടപടി വഴിയോ ഈടാക്കുക.

7. മത്സ്യഫെഡ്സിൽ നിലവിലുള്ള കൺകറന്റ് ആഡിറ്റർമാരെ കൂടാതെ കൂടുതൽ ആളുകളെ നിയമിച്ച് രജിസ്ട്രാറുടെ പ്രത്യേക ആഡിറ്റ് നടത്തുക.

(ബി) മത്സ്യ സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിൽ ഉടനെ തന്നെ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

മത്സ്യഫെഡ്സിലെ ഇൻഷ്വറൻസ് പദ്ധതികളിൽ നടന്ന ക്രമക്കേടുകൾ

13 (*193) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡ്സിൽ ഏതാനും വർഷങ്ങളായി നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളിൽ ലക്ഷങ്ങളുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) മത്സ്യഫെഡ് ജീവനക്കാരുടെ മെഡിക്ലെയിം ഉൾപ്പെടെ വിവിധ ഇൻഷ്വറൻസ് പദ്ധതികളിലായി എത്രലക്ഷം രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഉണ്ട്.

(ബി) 1969 -ലെ കേരള സഹകരണ നിയമം 66-ാം വകുപ്പനുസരിച്ച് സഹകരണസംഘം രജിസ്ട്രാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. താഴെപ്പറയുന്ന കാര്യങ്ങളാണ് അന്വേഷണ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1. മത്സ്യഫെഡിന് വരുത്തിയിട്ടുള്ള നഷ്ടം അതിന് ഉത്തരവാദികൾ ആയവരിൽ നിന്നും ആർബിട്രേഷൻ കേസ് ഫയൽ ചെയ്തോ മറ്റു നിയമ നടപടികളിലൂടെയോ ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക.

2. റിക്കാർഡുകൾ നശിപ്പിക്കൽ, വസ്തുതകൾ മറച്ചുവയ്ക്കൽ, കുറ്റകരമായ ഗൂഢാലോചന, മനഃപൂർവ്വമായി അവഗണിക്കൽ, കൃത്യവിലോപം എന്നിവയിലൂടെ ഫെഡറേഷനെ കബളിപ്പിക്കുകയും സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്തിട്ടുള്ളവർക്കെതിരെ സിവിൽ, ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുക, കൂടാതെ വ്യാജ ഇൻഷ്വറൻസ് സ്കീമുമായി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാർക്ക് പങ്കുണ്ടെന്ന് തെളിഞ്ഞതിനാൽ ഇതിന്റെ അന്വേഷണം സി.ബി.ഐ.ക്ക് വിടുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഫെഡറേഷന് ഉണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും സഹകരണ നിയമം 68-ാം വകുപ്പനുസരിച്ചോ സിവിൽ കേസ് ഫയൽ ചെയ്തോ ഈടാക്കുന്നതിനും അന്വേഷണ റിപ്പോർട്ടിൽ നിർദേശിച്ചിട്ടുണ്ട്. ഇതിൻമേൽ ഉചിതമായ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

(സി) മത്സ്യഫെഡ് നടപ്പിലാക്കുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളിലായി ഏതാണ്ട് 130 ലക്ഷത്തോളം രൂപയുടെ ക്രമക്കേടുകൾ നടന്നതായി സഹകരണ നിയമം 66-ാം വകുപ്പു പ്രകാരം നടത്തിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(ഡി) കുറ്റക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

ശ്രീമതി മേഴ്സി രവി : സർ, മത്സ്യഫെഡിലെ അഴിമതികൾ എന്നും വിവാദമാകുന്ന ഒന്നാണ്. പ്രത്യേകിച്ച് ഔട്ട് ബോർഡ് എഞ്ചിന്റെ ഇമ്പോർട്ട്. ഈ ഔട്ട് ബോർഡ് എഞ്ചിന്റെ ഇമ്പോർട്ട് മത്സ്യഫെഡ്ഡിന് വലിയ ഒരു വരുമാന മാർഗ്ഗം കൂടിയാണ്. ഈ സാഹചര്യത്തിൽ എന്നും വിവാദങ്ങൾ സൃഷ്ടിക്കുന്ന ഈ ഇമ്പോർട്ടിലെ ക്രമക്കേടുകൾക്ക് ഒരു അവസാനം വരുത്തുന്നതിനുവേണ്ടി ഒരു സിസ്റ്റം ഡെവലപ് ചെയ്യാനും അതിൽ ഗവൺമെന്റിന്റെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, മത്സ്യഫെഡ് 654 പ്രൈമറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയാണ്. മത്സ്യഫെഡിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് ഈ ഗവൺമെന്റിന് പരാതി കിട്ടിയ സന്ദർഭത്തിൽ തന്നെ ഫിഷറീസ് സെക്രട്ടറിയോട് നിയമപ്രകാരം സഹകരണ നിയമത്തിന്റെ 66-ാം വകുപ്പു പ്രകാരം രജിസ്ട്രാർ എന്ന നിലയിൽ അന്വേഷണം നടത്താൻ പറഞ്ഞു. മൂന്ന് ഘട്ടങ്ങളായിട്ടാണ് ഇപ്പോൾ റിപ്പോർട്ട് വന്നിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് ഇതിന്റെ ഉത്തരവാദികളായ

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ് ഫൈനാൻസ് ജനറൽ മാനേജരേയും എക്സിക്യൂട്ടീവ് മാർക്കറ്റിംഗ് മാനേജരേയും സസ്പെന്റ് ചെയ്ത് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇനിയുള്ള സുസുക്കിയുടെയും മറ്റ് ഔട്ട്ബോർഡ് എഞ്ചിനുകളുടെയും ഇടപാടുകളിൽ സുതാര്യമായ മാർഗ്ഗം ഉണ്ടാക്കാൻ മത്സ്യഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീമതി മേഴ്സി രവി</u> : സർ, ഇൻഷ്വറൻസിൽ നടന്ന ഒരുപാട് അഴിമതികളെക്കുറിച്ച് മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. ഇതിനകത്ത് 654 സംഘങ്ങളിൽ പലതും കടലാസ് സംഘങ്ങളാണ്. സംഘങ്ങൾ പലതും റിക്കാർഡിൽ മാത്രമേയുള്ളൂ. പ്രവർത്തിക്കുന്ന സംഘങ്ങൾ ഇല്ല. ഈ 654 സംഘങ്ങളിൽ പലതും പാവപ്പെട്ട മത്സ്യത്തൊഴിലാളികളിൽ നിന്നും ഇൻഷ്വറൻസ് തുക പിരിച്ചെടുത്തിട്ട് കമ്പനികളിലേയ്ക്ക് അടയ്ക്കാത്ത സംഭവങ്ങൾ വരെ അതിനകത്തുണ്ട്. കാലാകാലങ്ങളിൽ ഇങ്ങനെ ബോർഡ് മെമ്പർമാർ പോലും ഔട്ട് ഓഫ് ടേൺ ആയിട്ട് മെഡിക്കൽ ക്ലെയിം എഴുതിയെടുത്തിട്ടുള്ള സംഭവങ്ങൾ ഉണ്ട്. ഈ ഇൻഷ്വറൻസ് കമ്പനികളും മത്സ്യഫെഡിലെ ജീവനക്കാരും ചേർന്ന് നടത്തിയ അഴിമതികളെക്കുറിച്ച് അന്വഷണത്തിന് വിടുന്നു എന്ന് പറയുന്നു. പക്ഷേ ഈ മെഡിക്കൽ ക്ലെയിം എടുത്തതിനെക്കുറിച്ചുള്ള കാര്യത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ ? അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ റീ-ഇംബേഴ്സ്മെന്റ് തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങൾ ഉണ്ടോ ? ഈ അഴിമതിയെ സംബന്ധിച്ച് എന്ത് നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>പ്രൊഫ. കെ. വി. തോമസ്</u> : സർ, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ 654 പ്രൈമറി സംഘങ്ങൾ 222 മത്സ്യ ഗ്രാമങ്ങളിലാണ് പ്രവർത്തിക്കുന്നത്. അത് പരിശോധിച്ചപ്പോൾ നൂറോളം പ്രൈമറി സംഘങ്ങളാണ് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്. ബഹുഭൂരിപക്ഷവും കടലാസ് സംഘങ്ങളാണ്. അതു മാത്രമല്ല, ഈ മേഖലകളിലൊക്കെ രാഷ്ട്രീയ സമീപനം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അത് ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള സമീപനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഇൻഷ്വറൻസിനെ സംബന്ധിച്ച്. ഭീമമായ വെട്ടിപ്പ് നടന്നുവെന്ന് പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുണ്ട്. സി.ബി.ഐ. യെ കൊണ്ട് അന്വേഷിപ്പിക്കണമോ മറ്റ് ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമോ എന്ന കാര്യം അത് പഠിച്ചശേഷം ക്യാബിനറ്റിന്റെ മുമ്പിൽ വയ്ക്കാം, ഉചിതമായ നടപടി എടുക്കുന്നതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, ആദിവാസികളെപ്പോലെ തന്നെ ഏറെ ദുർബലരും, പാവപ്പെട്ടവരും ഇന്നും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന വരുമാണ് നമ്മുടെ മൽസ്യത്തൊഴിലാളികൾ. ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിനു വേണ്ടി 1985-ൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റാണ് മൽസ്യഫെഡ് രൂപീകരിച്ചത്. എന്റെ പ്രധാന ചോദ്യം അന്ന് മൽസ്യഫെഡ് രൂപീകരിക്കുമ്പോൾ 222 മൽസ്യത്തൊഴിലാളി ഗ്രാമങ്ങൾ ഗവൺമെന്റ് നോട്ടിഫൈ ചെയ്തിരുന്നു. മാറി മാറി വന്ന ഗവൺമെന്റുകൾ പ്രത്യേകിച്ചും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയപ്രേരിതമായി അത് 654 സംഘങ്ങളായി മാറി. ഇതാണ് ഇതിൽ പ്രധാന കാരണം. ഇന്ന് അഴിമതി നടക്കാനും സ്വജനപക്ഷപാതം കാണിക്കാനും സർക്കാരുകൾ കൊടുക്കുന്ന, ഇതര ഏജൻസികൾ കൊടുക്കുന്ന ഫണ്ടുകളും മറ്റും ദുർവിനിയോഗം ചെയ്യാനുമൊക്കെയുണ്ടായിട്ടുള്ള പ്രധാന കാരണങ്ങളിലൊന്ന് ഇതിൽ അമിതമായ സംഘടനകളും രാഷ്ട്രീയ ലക്ഷ്യങ്ങളുമാണ്. അത് മാറ്റാൻ 222 മൽസ്യത്തൊഴിലാളി ഗ്രാമങ്ങൾ മാത്രമായി ഇത് ഒതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

പ്രൊഫ. കെ. വി. തോമസ് : സർ, ഇപ്പോൾ ഡ്രാഫ്റ്റായി കൊണ്ടുവന്നിട്ടുള്ള മൽസ്യനയം കാബിനറ്റ് അപ്രൂവൽ കഴിഞ്ഞാൽ ഈ സഭയുടെ മുമ്പിൽ വരുന്നതാണ്. ആ മൽസ്യനയത്തിൽ ഇതെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൽസ്യഫെഡ് ഫലപ്രദമായി നടത്തുന്ന കാര്യങ്ങൾ ഫിഷർമെൻ വില്ലേജുകളുടെ നവീകരണം, അങ്ങനെ മുഴുവൻ കാര്യങ്ങളും പുതിയ ഡ്രാഫ്റ്റ് മൽസ്യനയത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അത് അംഗീകരിച്ചു കഴിഞ്ഞാൽ ഇതിനൊക്കെ ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ കഴിയും.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2002 സെപ്റ്റംബറിലാണ് ഇവിടെ പറഞ്ഞ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചത്. സെപ്റ്റംബർ 2002 കഴിഞ്ഞിട്ട് മാസങ്ങൾ ഏറെയായി. ഇതുവരെയും അതിൽ കാര്യമായ നടപടിയുണ്ടായതായി കാണുന്നില്ല. വളരെ അടിയന്തിരമായി നടപടി ഉണ്ടാകണം. ഇപ്പോഴും കോടിക്കണക്കിന് രൂപയാണ് മൽസ്യഫെഡ്ഡിലേയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ ഗുരുതരമായ അഴിമതിയെക്കുറിച്ച് 2002 സെപ്റ്റംബറിൽ ലഭിച്ച വ്യക്തമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, പരാതി ലഭിക്കുന്നതാണ് 2002-ൽ. ഇത് വലിയ മൂന്ന് വാല്യം റിപ്പോർട്ടാണ്. ആ റിപ്പോർട്ട് വന്നിരിക്കുന്നത് 31-3-2003-ലാണ്. ആദ്യത്തെ റിപ്പോർട്ട് വന്നപ്പോൾ തന്നെ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരെ ജനറൽ മാനേജർ എക്സിക്യൂട്ടീവ് (ഫിനാൻസ്), എക്സിക്യൂട്ടീവ് (മാർക്കറ്റിംഗ്) എന്നിവരെ സസ്പെന്റ് ചെയ്തു, അത് വിജിലൻസ് എൻക്വയറിക്ക് വിട്ടു. പിന്നെ തുടർച്ചയായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്, അത് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിച്ച് ഗവൺമെന്റിന് തരികയാണ്, ഗവൺമെന്റ് കാബിനറ്റിൽ വയ്ക്കും, ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാ ആരോപണങ്ങൾക്കുമെതിരായി നടപടിയുണ്ടാകും.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, മൽസ്യഫെഡ് രൂപീകരിച്ചു തുടങ്ങിയതു മുതൽ ആ സ്ഥാപനത്തെ സംബന്ധിച്ച് ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് മുമ്പ് സംസാരിച്ച മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് മന്ത്രിയായതിനു ശേഷമാണോ ആദ്യമായി ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയത്, അന്വേഷണം നടത്തിയതിനുശേഷം ഏതെങ്കിലും പ്രോജക്ടുകൾ നിർത്തിവയ്ക്കുവാൻ അങ്ങ് ഉത്തരവിട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : സർ, മൽസ്യഫെഡിന്റെ 18 വർഷത്തെ ചരിത്രത്തിൽ ഒരുപാട് ആരോപണങ്ങളുണ്ട്. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2002-ൽ പത്ര മാദ്ധ്യമങ്ങളിലൂടെയും വ്യക്തികൾ എഴുതിയും പരാതി കിട്ടിയപ്പോൾ സമഗ്രമായ അന്വേഷണത്തിനുവേണ്ടി ഫിഷറീസ് ഡയറക്ടർ, അദ്ദേഹം സഹകരണനിയമം അനുസരിച്ച് രജിസ്ട്രാർ കൂടിയാണ്. അദ്ദേഹത്തോട് സമഗ്രമായ അന്വേഷണം നടത്താൻ പറഞ്ഞു. ആ അന്വേഷണത്തിന്റെ ഫസ്റ്റ് റിപ്പോർട്ട് കിട്ടിയ ഉടൻ ആദ്യത്തെ നടപടി എടുത്തു, ഇപ്പോൾ മൂന്ന് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്, ആ മൂന്ന് റിപ്പോർട്ടുകൾ പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിച്ചുകഴിഞ്ഞാൽ അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് വരും, ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അത് പരിശോധിച്ച് കാബിനറ്റിന് കൊടുക്കും. അതിൽ ഉൾപ്പെട്ട ആരെയും ഗവൺമെന്റ് സംരക്ഷിക്കില്ല. പക്ഷേ ഇതിന്റെ പരിധിയെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ഇപ്പോൾ ഞങ്ങൾ അന്വേഷിക്കുന്നത് കഴിഞ്ഞ അഞ്ചുവർഷത്തെ കാര്യമാണ്. അത് ആദ്യ കാലഘട്ടം മുതൽ കഴിഞ്ഞ 18 വർഷത്തെ അന്വേഷിക്കണമോ എന്നുള്ളതൊക്കെ പോളിസി മാറ്ററായി കാബിനറ്റിൽ തീരുമാനിക്കും.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, മൽസ്യത്തൊഴിലാളികളുടെ സംഘടനകൾക്ക് ശക്തമായ നേതൃത്വം ഉള്ളതുകൊണ്ട് അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നതോടൊപ്പം അനുബന്ധ തൊഴിലാളികളുടെ കാര്യം, മൽസ്യം കടലിൽ നിന്ന് കരയിൽ എത്തിക്കഴിഞ്ഞാൽ അതിനുശേഷം വീടുകളിലും ഹോട്ടലുകളിലും എത്തുന്നതുവരെയുള്ള പ്രോസ്സസ്സ് ചെയ്യുന്ന അനുബന്ധ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, അനുബന്ധ തൊഴിലാളികൾക്കും സഹായം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ പരമ്പരാഗത തൊഴിലാളികൾക്ക് കൊടുക്കുന്നതുപോലുള്ള സഹായം എത്തിക്കാൻ കഴിയില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, രണ്ടുതരത്തിലുള്ള അഴിമതികളാണ് നടന്നിരിക്കുന്നത്, ഒന്ന് സുസുകി എഞ്ചിൻ ഇറക്കുമതി ചെയ്തതിലും, രണ്ട് ഇൻഷ്വറൻസ് തട്ടിപ്പിലും. അതിൽ ഏറ്റവും കാഠിന്യമാർന്ന, ഗുരുതരമായ പ്രശ്നം ഇൻഷ്വറൻസ് തട്ടിപ്പ്. എന്തുകൊണ്ടെന്നാൽ, ഒരാൾ അപകടത്തിൽ മരിച്ചാൽ വലിയ തുക അവർക്ക് കൊടുക്കുന്ന ഒരു സംവിധാനം മൽസ്യഫെഡിൽ ഇപ്പോഴുണ്ട്. എന്റെ ചോദ്യം ഈ ഇൻഷ്വറൻസ് തട്ടിപ്പ് നടന്നിരിക്കുന്ന സാഹചര്യത്തിൽ അപകടത്തിൽപെട്ട് മരിച്ചാൽ അവർക്ക് കൊടുക്കുന്ന ആനുകൂല്യത്തിന് എന്തെങ്കിലും തടസ്സമാകുന്ന ഒരു സ്ഥിതിവിശേഷം ഇപ്പോൾ അവിടെ ഉണ്ടോ, ഉണ്ടെങ്കിൽ അത് എങ്ങനെ പരിഹരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : സർ, മൽസ്യത്തൊഴിലാളികളുടേതല്ലാത്ത കുറ്റത്തിന് അവർക്ക് ഇൻഷ്വറൻസ് ക്ലെയിം വന്നാൽ അത് താമസിപ്പിക്കാൻ പാടില്ല എന്ന് കർക്കശമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട എല്ലാ ഇൻഷ്വറൻസ് ക്ലെയിമുകളും കൊടുക്കുന്നുണ്ട്.അതേ സന്ദർഭത്തിൽ ഇൻഷ്വറൻസ് കമ്പനികളും മൽസ്യഫെഡിലെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി ചേർന്ന് വളരെയധികം തട്ടിപ്പ് നടത്തുന്നുണ്ട്. അതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം വേണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മൽസ്യഫെഡ് രൂപീകരിച്ചതിനുശേഷം അമിതമായി വന്ന ഈ സംഘങ്ങളുടെ കാര്യംതന്നെയാണ് പറയുന്നത്. മൽസ്യനയത്തിൽ അന്ന് നിർദ്ദേശിക്കപ്പെട്ട ഒരു മൽസ്യത്തൊഴിലാളി ഗ്രാമത്തിൽ ഒരു സംഘം അല്ലെങ്കിൽ രണ്ടു സംഘം, അത് വലിപ്പമനുസരിച്ച് നിശ്ചയിക്കാവുന്നതാണ്. ആ കാര്യത്തിൽ അടിയന്തിരമായി തീരുമാനം എടുത്ത് മൽസ്യഫെഡിനെ പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, ഈ പുതിയ മൽസ്യനയത്തിന് രൂപം നൽകിയിട്ടുള്ളത് നമ്മുടെ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും ഈ രംഗത്തെ ട്രേഡ് യൂണിയനുകളുടെയും സംഘടനകളുടെയും പ്രതിനിധികളാണ്. ആ നയം ഇവിടെ ചർച്ചചെയ്തുവരുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശം അനുസരിച്ച് മൽസ്യഫെഡ് ഫലപ്രദമായി പ്രവർത്തിച്ചേ പറ്റൂ. മൽസ്യഫെഡ് ഈ രംഗത്തെ മൽസ്യത്തൊഴിലാളികളെ സഹായിക്കാൻ കഴിയുന്ന ഒരു സംഘടന എന്ന നിലയിൽ അതിനെ രാഷ്ട്രീയത്തിനതീതമായി കണ്ടുകൊണ്ട് അത് ഫലപ്രദമാക്കുന്ന സംവിധാനത്തെക്കുറിച്ച് ഈ സഭയ്ക്കുതന്നെ ചർച്ചാവേളയിൽ തീരുമാനം എടുക്കാവുന്നതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, മൽസ്യഫെഡിൽ വ്യാപകമായി അക്രമം നടന്നു എന്ന് തെളിഞ്ഞ സാഹചര്യത്തിൽ ആ ക്രമക്കേട് നടത്തിയ സമയത്ത് ഉണ്ടായിരുന്ന ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി ഇതിനോടകം സ്വീകരിക്കാൻ കഴിഞ്ഞോ, ഇല്ലെങ്കിൽ ഉടൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ആദ്യത്തെ റിപ്പോർട്ട് അനുസരിച്ച് ജനറൽ മാനേജർ, എക്സിക്യൂട്ടീവ് (ഫിനാൻസ്) എക്സിക്യൂട്ടീവ് (മാർക്കറ്റിംഗ്) എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. പൂർണ്ണമായ റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിൽ വന്നിട്ടുണ്ട്, ആ റിപ്പോർട്ട് പരിശോധിച്ച് അതിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ടോ അവർക്കെതിരായി ഒക്കെ നടപടിയുണ്ടാകും.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, പല സമയത്തും ലക്ഷക്കണക്കിന് മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പരിപാടി മൽസ്യഫെഡിനുണ്ട്. ഞാൻ അതിൽ പങ്കെടുത്തിട്ടുണ്ട്. അത് വ്യാപകമായി അഴിമതി നടക്കുന്ന ഒരു പ്രവർത്തനമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യക്കുഞ്ഞുങ്ങൾ ചത്തുപോയി, അതിന് കണക്കില്ല, ആ നിലയ്ക്ക് ധാരാളം പ്രശ്നങ്ങൾ നടക്കുന്ന ഏരിയയാണ്. വ്യാപകമായി ക്രമക്കേടുകൾ നടന്നു എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ മൽസ്യഫെഡ് നടത്തുന്ന ഇത്തരം അഴിമതികൾ കൂടി അന്വേഷിക്കാൻ തയ്യാറാകുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, മൽസ്യക്കുഞ്ഞുങ്ങളുടെ ലാഞ്ചിംഗ് പ്രധാനമായി നടത്തുന്നത് മൽസ്യഫെഡ്അല്ല, അഡാക് എന്നുപറയുന്ന മറ്റൊരു ഏജൻസിയാണ്. അതിനെക്കുറിച്ച് വ്യാപകമായ പരാതിയുണ്ടാകുകയും കഴിഞ്ഞ രണ്ടുവർഷക്കാലമായി അത് നിർത്തിവയ്ക്കുകയും ചെയ്തു. പക്ഷെ നിർത്തിവച്ചതിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ അത് തുടങ്ങണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ തവണ തുടങ്ങി. പക്ഷെ ഇപ്പോൾ നിർദ്ദേശം കൊടുത്തത് അങ്ങനെ ലാഞ്ചിംഗ് നടത്തുമ്പോൾ സ്ഥലത്തെ എം.എൽ.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഈ രംഗത്തു പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ എന്നിവരെയെല്ലാം വിളിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ കൗണ്ട് ചെയ്യണമെന്നാണ്. ആ അടിസ്ഥാനത്തിൽ ഇപ്പോൾ പല സ്ഥലത്തും വീണ്ടും ലാഞ്ചിംഗ് തുടങ്ങിയിട്ടുണ്ട്. ലാഞ്ചിംഗ് തുടങ്ങാൻ കാരണം ഈ മേഖലയിൽ നമ്മുടെ ജനപ്രതിനിധികൾ പറഞ്ഞതുകൊണ്ടാണ്.

ശ്രീ. മാമ്മൻ മത്തായി : സർ, ഏത് കാലയളവിലാണ് ഈ ക്രമക്കേടുകൾ നടന്നത് എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ ?

പ്രൊഫ. കെ. വി. തോമസ് : സർ, ഈ ഗവൺമെന്റിന് പരാതി കിട്ടിയത് 2002 ലാണ്. അഞ്ച് വർഷക്കാലത്തേത് അന്വേഷിക്കാനാണ് ഞങ്ങൾ അന്ന് പറഞ്ഞത്. അതു സംബന്ധിച്ച് വളരെ വർഷക്കാലത്തെ അഴിമതി ഇതിൽ നടന്നു. അപ്പോൾ അത് മുഴുവൻ പരിശോധിക്കേണ്ടതാണ്. ഇപ്പോൾ അഞ്ചുവർഷക്കാലത്തെയാണ് ഞങ്ങൾ പരിശോധിക്കുന്നത്.

ശ്രീ. മാമ്മൻ മത്തായി : സർ, ഈ റിപ്പോർട്ടിൽ നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും ആർബിട്രേഷൻ മുഖാന്തിരവും മറ്റുള്ള രീതിയിലും തുക ഈടാക്കുമെന്ന് പറയുന്നുണ്ടല്ലോ. അങ്ങനെ എത്ര ഉദ്യോഗസ്ഥൻമാർ ഇതിൽ ഉത്തരവാദികളായവർ ഉണ്ട്, അവർ വരുത്തിവച്ച നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

പ്രൊഫ. കെ. വി. തോമസ് : സർ, അന്വേഷണം മുന്നോട്ടുപോകുമ്പോൾ മാത്രമേ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ് ഇതിൽ ഉണ്ടായിരുന്നതെന്നും എത്ര എമൗണ്ട് വരുമെന്നും അറിയാൻ കഴിയൂ. അത് അന്വേഷണ റിപ്പോർട്ട് വന്നതിനുശേഷം ബന്ധപ്പെട്ട ഏജൻസികൾ പരിശോധിച്ചതിനുശേഷം അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, മൽസ്യഫെഡിൽ ഉണ്ടായിട്ടുള്ള അഴിമതികൾ സുസുകി എഞ്ചിൻ വാങ്ങിയതിനെ സംബന്ധിച്ചും, ഇൻഷ്വറൻസിനെ സംബന്ധിച്ചുമാണ്. ഇൻഷ്വറൻസിനെ കുറിച്ചാണ് കൂടുതലായി വന്നിട്ടുള്ളത്. പക്ഷെ ഇവിടെ മന്ത്രിമാരുടെ ഉത്തരത്തിൽ മൽസ്യക്കുഞ്ഞുങ്ങളെ നൽകുന്ന കാര്യത്തിൽ പോലും അഴിമതി ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ചുള്ള സൂചനകൾ ലഭിക്കുകയുണ്ടായി. വളരെ ഗുരുതരമായിട്ടുള്ള ക്രമക്കേടുകളുമായി മുന്നോട്ടുപോകുന്ന മൽസ്യഫെഡിന്റെ വിവിധങ്ങളായിട്ടുള്ള പ്രവർത്തനങ്ങൾ വന്നിട്ടുള്ളത് ഇൻഷ്വറൻസിന്റെയും, സുസുകി എഞ്ചിന്റെയും മാത്രമേയുള്ളൂ എന്നുപറയുന്നു. വിവിധ കാര്യങ്ങളിൽ അഴിമതിയുണ്ടെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു. ആ ഒരു സാഹചര്യത്തിൽ മൽസ്യഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സസൂക്ഷ്മമായ ഒരു അന്വേഷണം നടത്തുവാൻ തയ്യാറാകുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, മൽസ്യഫെഡ് എന്നുപറയുന്നത് സഹകരണ ആക്ടിൽപ്പെടുന്ന ഒരു സ്ഥാപനമാണ്. പ്രൈമറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയാണ്. അതുകൊണ്ട് സഹകരണ പ്രസ്ഥാനങ്ങൾക്ക്, സ്വാഭാവികമായി കിട്ടേണ്ട പ്രൊട്ടക്ഷൻ മൽസ്യഫെഡിനും ഉണ്ട്. പക്ഷെ അവിടെ പാളിച്ചകൾ വന്നിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റ് സസൂക്ഷ്മം പരിശോധിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണല്ലോ ഇപ്പോൾ ഈ അന്വേഷണം നടത്തിയത്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഗുരുതരമായിട്ടുള്ള ഒരു ആരോപണം മൽസ്യഫെഡിനെ സംബന്ധിച്ച് ഉണ്ടായി, അതിൽ രണ്ട് ഉദ്യോഗസ്ഥൻമാർക്ക് എതിരെ നടപടി സ്വീകരിച്ചു എന്ന് മന്ത്രി വെളിപ്പെടുത്തുകയുണ്ടായി. പക്ഷെ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് ഭരിക്കുന്ന ഭരണസമിതിയംഗങ്ങൾ അതിൽ യാതൊരു ഉത്തരവാദിയുമല്ല എന്നുള്ള നിലയിലേയ്ക്ക് മാറിനിൽക്കുന്ന ഒരു സാഹചര്യം ഇപ്പോൾ കാണുകയാണ്. ഇവിടെ അതിനെ സംബന്ധിച്ച് വളരെ വ്യക്തമായിട്ടുള്ള ഒരു അന്വേഷണം നടത്തുവാൻ ശക്തമായ ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കുമോ എന്ന് വെളിപ്പടുത്തുമോ ?

പ്രൊഫ. കെ. വി. തോമസ് : സർ, ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് എതിരായും പരാതിയുണ്ടായിട്ടുണ്ട്. അവർ അവിഹിതമായി മെഡിക്ലെയിം നടത്തിയിട്ടുണ്ട് എന്ന് പരാതി വന്നിട്ടുണ്ട്. അതൊക്കെയാണ് പരിശോധിച്ചു കൊണ്ടിരിക്കുന്നത്. റിപ്പോർട്ട് കിട്ടിയതിനുശേഷം, അതിന്റെ വിശദമായ പരിശോധന ബന്ധപ്പെട്ട ഏജൻസികൾ നടത്തിക്കഴിയുമ്പോൾ മാത്രമേ നമുക്ക് നടപടിയെടുക്കാൻ കഴിയൂ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

(ചോദ്യോത്തരസമയം കഴിഞ്ഞു)